12-09-2021

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –12/09/2021

1. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ നിന്നും രോഗവിമുക്തമായ തേനീച്ച കോളനികൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ മുൻകൂർ പണമടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രോഗവിമുക്തമായ ഒരു ഇന്ത്യൻ തേനീച്ച കോളനിക്ക് 1400/- രൂപയാണ് സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്ന വില. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ പണമടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടുന്ന ഫോൺ നമ്പർ: 09744660642, 08547109186

2. വയനാട് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നാഗപതി (Serpentine) രീതിയിൽ വേരുപിടിപ്പിച്ച പന്നിയൂർ 5,പന്നിയൂർ 8 എന്നീ ഇനം കുരുമുളക് തൈകൾ വില്പനയ്ക്ക് ഒരുങ്ങിയിരിക്കുന്നു. 3 മുതൽ 5 ഇലകളോട് കൂടിയ 80 ചെടികൾ വീതമാണ് വില്പനയ്ക്ക് തയ്യാറായിരിക്കുന്നത്. കൂടൊന്നിന് 25 രൂപ. ആവശ്യമുള്ളവർ വട്ടവൻച്ചാൽ റോഡിലുള്ള കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

3. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ എം.ഐ.ഡി.എച്ച് (MIDH) പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാംഗോസ്റ്റിൻ ഹൈബ്രിഡ് പച്ചക്കറി കൃഷി, കശുമാവ് എന്നിവയ്ക്കും കൂടാതെ യന്ത്രവൽകൃത കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും, പ്രൈമറി മിനിമൽ പ്രോസസിംഗ് യൂണിറ്റ്, റൈപ്പനിംഗ് ചേബർ, ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ്, പോളി ഹൗസ്, ഷെയിഡ് നെറ്റ് എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി ലഭ്യമാണ്. ഇടുക്കി ജില്ലയിലെ താല്പര്യമുള്ള കർഷകർ അവരവരുടെ പഞ്ചായത്തിലെ കൃഷിഭവനുകളുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകേണ്ടതാണെന്ന് ഇടുക്കി ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

4. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം സംസ്ഥാനത്ത് പുൽകൃഷി പുനരുജ്ജീവിപ്പിക്കാനും വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതി പ്രകാരം ഒരേക്കർ ഭൂമിയിൽ പുൽകൃഷി ചെയ്യുന്ന കർഷകർക്ക് 12146 രൂപ സബ്സിഡി ഇനത്തിൽ നൽകുന്നു. കുറഞ്ഞത് 20 സെന്റ്

ഭൂമി ഉള്ള കർഷകർക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

5. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കുരുവില്ലാത്ത തണ്ണിമത്തൻ ( സ്വർണ്ണ, ഷോണിമ), സാലഡ് കുക്കുമ്പർ (KPCH -1) എന്നിവയുടെ ഹൈബ്രിഡ് വിത്തുകളും കുരുവുള്ള തണ്ണിമത്തൻ (ഷുഗർബേബി), പയർ (ഭാഗ്യലക്ഷ്മി, കാശീകാഞ്ചൻ, അനശ്വര, വൈജയന്തി), വഴുതന (സൂര്യ), വെള്ളരി (സൗഭാഗ്യ), ശീമപ്പയർ, ചീര (അരുൺ) എന്നിവയുടെ നാടൻ വിത്തുകളും വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 നമ്പറുമായി ബന്ധപെടുക.

**പരിശീലന പരിപാടികൾ**

6. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 14-ന് **മത്സ്യത്തീറ്റ നിർമ്മാണവും പരിചരണവും,** 15-ന് **കൂൺകൃഷി** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496-2966041** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം 13-ാം തീയതി **പശുക്കളുടെ തീറ്റക്രമം** എന്ന വിഷയത്തിലും 15-ാം തീയതി **മുയൽ വളർത്തൽ** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനങ്ങൾ നടത്തുന്നതാണ്. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം 14-ന് **താറാവു വളർത്തൽ,** 21-ന് **ഓമനപക്ഷികളുടെ പരിപാലനം,** 23-ന് **മുയൽ വളർത്തൽ,** 28-ന് **ഇറച്ചിക്കോഴി വളർത്തൽ,** 30-ന് **തീറ്റപ്പുൽകൃഷി** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താല്പര്യമുള്ളവർ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706**

എന്ന നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 27-ന് **താറാവു വളർത്തൽ**, 29,30 തീയതികളിൽ **നായവളർത്തൽ** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701.** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

10. റബ്ബറിന്റെ നിയന്ത്രിത കമിഴ്ത്തിവെട്ട്, ഇടവേള കൂടിയ ടാപ്പിങ് തുടങ്ങിയ നൂതന വിളവെടുപ്പുരീതികളിൽ റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇന്സ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എ.ഐ.ആർ.റ്റി.) സെപ്റ്റംബർ 17-ന് ഓൺലൈെ പരിശീലനം നടത്തുന്നു. രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺ നമ്പറിലോ 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിലിലോ ബന്ധപ്പെ ടേണ്ടതാണ്.

11. ക്ഷീര വികസന വകുപ്പിന്റെ കോട്ടയം ക്ഷീര പരിശിലന കേന്ദ്രത്തിൽ വച്ച് ഈ മാസം 17 ന് രാവിലെ 11 മണി മുതൽ 1 മണി വരെ **ചലഞ്ച് ഫീഡിംഗ്** എന്ന വിഷയത്തെ സംബന്ധിച്ച് ഗൂഗിൾ മീറ്റ് മുഖേന പരിശീലന പരിപാടി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 11ന് https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് (കോഡ്: iff-xwbj-kqe)